പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1858 08.06.2018-ലെ മറുപടിക്ക്

# കെ. എസ്. ആർ. ടി. സി. പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. ശശീന്ദ്രൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി. പ്രതിസന്ധി പരിഹരിക്കാനുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കിയതിനെത്തുടർന്നുള്ള ഗുണഫലങ്ങൾ വിശദമാക്കാമോ; | (എ) | പ്രത്യേക പാക്കേജിന്റെ ഭാഗമായി കെ. എസ്. ആർ. ടി. സി. നിലവിൽ എടുത്തിട്ടുണ്ടായിരുന്ന കൂടിയ പലിശ നിരക്കിലും കുറഞ്ഞ കാലാവധിയിലുമുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കും ദൈർഘ്യം കൂടിയ തിരിച്ചടവ് കാലാവധിയും ഉള്ള വായ്പകളാക്കി മാറ്റുവാൻ തീരുമാനിച്ചതിൻ പ്രകാരം 3100 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയും അതുകൊണ്ട് നിലവിലുണ്ടായിരുന്ന കടങ്ങൾ തീർക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവ് നടത്തിക്കൊണ്ടിരുന്ന ഇനത്തിൽ 2 കോടിയോളം രൂപ പ്രതിദിനം കുറവ് വന്നിട്ടുണ്ട്. ആയതിനാൽ പ്രതിമാസ ശമ്പള വിതരണത്തിനായി പൂർണ്ണമായും സർക്കാരിനെ ആശ്രയിക്കേണ്ട അവസ്ഥയിൽ നിന്നും കെ.എസ്.ആർ.ടി.സി. കരകയറിയിട്ടുണ്ട്. പ്രതിമാസ ശമ്പളം കൃത്യമായി നൽകുവാനും കഴിയുന്നുണ്ട്. |
| (ബി) | ഗ്രാമീണ മേഖലയിൽ കൂടുതൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ; | (ബി) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിനായി സമഗ്ര പുനരുദ്ധാരണം നടന്നുവരുന്നതും അതിന്റെ ഭാഗമായി സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കുന്നതിനുമായി ഷെഡ്യൂളുകൾ പുന:ക്രമീ |

| | | | |
|---|---|---|---|
| | | | കരണം നടത്തി വരികയുമാണ്. ഈ സാഹചര്യത്തിൽ ഗ്രാമീണ മേഖലയിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| (സി) | ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിൽ,സൂപ്പർ ഡീലക്സ്, സ്ഥാനിയ, മിന്നൽ ബസ്സുകൾക്ക് ഫെയർ സ്റ്റേജ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നു വെളിപ്പെടുത്താമോ; | (സി) | മിന്നൽ സർവ്വീസിനും, ഡീലക്സ് സർവ്വീസിനും കൽപ്പറ്റയിൽ ഫെയർ സ്റ്റേജ് ഉണ്ട്. സ്ഥാനിയ ബസ്സുൾക്ക് ഫെയർ സ്റ്റേജ് അനുവദിക്കുന്നത് കെ.എസ്.ആർ.ടി.സി.യ്ക്ക് ഗുണകരമാകില്ല എന്നതിനാൽ പ്രസ്തുത വിഭാഗം സർവ്വീസിന് കൽപ്പറ്റയിൽ ഫെയർ സ്റ്റേജ് അനുവദിക്കുവാൻ കഴിയുകയില്ല. നിലവിൽ സ്ഥാനിയ സർവ്വീസുകൾക്ക് സുൽത്താൻ ബത്തേരിയിൽ ഫെയർ സ്റ്റേജ് ഉണ്ട്. |
| (ഡി) | കെ. എസ്. ആർ. ടി. സി. ഓൺലൈൻ റിസർവേഷൻ കൂടുതൽ ആകർഷകമാക്കാൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ? | (ഡി) | സ്വീകരിക്കും.<br>ഓൺലൈൻ റിസർവേഷൻ സംവിധാനം കൂടുതൽ ആകർഷകമാക്കുന്നതിനും ജനകീയമാക്കുന്നതിനും ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച ബസ് ടിക്കറ്റിംഗ് കമ്പനിയായ റെഡ് ബസിൽ കെ.എസ്.ആർ.ടി.സി.യുടെ ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബാങ്കിംഗ് ട്രാൻസാക്ഷനുകൾക്കായി കൂടുതൽ പേയ്മെന്റ് ഗേറ്റ്വേകൾ ചേർക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. റെഡ് ബസ് പോലെയുള്ള മറ്റ് ബസ് ടിക്കറ്റിംഗ് കമ്പനികൾക്കും റെഡ് ബസിനു നൽകിയ അതേ സംവിധാനം ഏർപ്പെടുത്തുന്നതിനു ആലോചിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ